ഇഹ്സാൻ

# വെടിനിർത്തലോ അതോ പടയൊരുക്കമോ?

**കഴിഞ്ഞ** വർഷം ഏപ്രിൽ-മെയ് മാസക്കാലത്ത് പാകിസ്താൻ ഗവൺമെന്റ് ജയിലിൽനിന്നും പുറത്തുവിട്ട നിരവധി പ്രമുഖ താലിബാൻ നേതാക്കളെ ചില രഹസ്യ ഉടമ്പടികളുടെ ഭാഗമായാണ് മോചിപ്പിച്ചതെന്ന് വിദേശമാധ്യമങ്ങളിൽ അക്കാലത്ത് വ്യാപകമായി ആരോപണമുയർന്നിരുന്നു, പാക് ഭരണകൂടം ഇക്കാര്യം നിഷേധിക്കുകയാണ് ചെയ്തതെങ്കിലും. മോചിപ്പിച്ച തടവുകാരുടെ കൂട്ടത്തിൽ പ്രമുഖനായിരുന്നു തഹ്രീകെ നിഫാദെ ശരീഅത്ത് മുഹമ്മദി (ടി.എൻ.എസ്.എം) നേതാവായിരുന്ന സൂഫി മുഹമ്മദ്. പാകിസ്താന്റെ വടക്കൻ പ്രവിശ്യയിലെ സ്വാത്തിൽ മാലഖണ്ഡ് ഡിവിഷൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന താലിബാൻ സംഘങ്ങളുടെ ആത്മീയ ആചാര്യനായിരുന്നു ഇദ്ദേഹം. അഫ്ഗാനിസ്താനിലേക്ക് അമേരിക്കക്കെതിരെ ജിഹാദ് നടത്താൻ പോയതിനാണ് ഇദ്ദേഹത്തെ 2002-ൽ മുശർറഫ് സർക്കാർ തടവിലിട്ടത്. സൂഫിയുടെ മകളുടെ ഭർത്താവായ മൗലാനാ ഫസ്‌ലുല്ലയുടെ നേതൃത്വത്തിൽ 2007 ഒക്ടോബർ മുതൽ മേഖലയിൽ ആരംഭിച്ച താലിബാൻവൽക്കരണം അതിന്റെ എല്ലാ ദുരന്തങ്ങളോടും കൂടി അരങ്ങുതകർക്കുകയും അവരുമായി പാകിസ്താൻ സൈന്യം മാലഖണ്ഡിന്റെ പലഭാഗത്തും നേർക്കുനേരെ ഏറ്റുമുട്ടുകയും ചെയ്യുന്നതിനിടയിലായിരുന്നു താലിബാൻ നേതാക്കളെ മോചിപ്പിക്കാനുള്ള ഈ നീക്കം നടന്നത്. എത്രത്തോളമെന്നു വെച്ചാൽ പാക് സൈന്യത്തിലെ 12,000 അംഗങ്ങളായിരുന്നു മാലഖണ്ഡിൽ വിന്യസിക്കപ്പെട്ടിരുന്നത്. ഏകദേശം ഒരു വർഷത്തിനു ശേഷമാണെങ്കിലും സർക്കാറുമായി പാക് താലിബാൻ വെടിനിർത്തലിന് തയാറായിരിക്കുന്നു. സ്വാത്തിൽ ഇസ്‌ലാമിക ശരീഅത്ത് നടപ്പാക്കാനുള്ള ഫസ്‌ലുല്ലയുടെ നീക്കങ്ങളെ അംഗീകരിച്ചു കൊണ്ട് പാകിസ്താൻ സർക്കാർ അവരുമായി കരാറിൽ ഒപ്പുവെച്ചുവെന്നതാണ് ഇതെഴുതുന്ന ആഴ്ചയിലെ പ്രധാന വാർത്ത.

കരാറിന്റെ തുടർച്ചയെന്നോണം സൂഫി മുഹമ്മദും 15,000ത്തോളം അനുയായികളും മാലഖണ്ഡിലെ മിംഗോറയിൽ സമാധാന റാലി നടത്തുകയും ഗവൺമെന്റിന്റെ നീക്കങ്ങളെ അനുകൂലിക്കാൻ താലിബാൻ നേതാക്കളോട് ആവശ്യപ്പെടുകയും ചെയ്തു. സൂഫിയുടെ ഈ മനംമാറ്റം അദ്ദേഹത്തെ കുറിച്ച് അറിയുന്നവരെ അമ്പരപ്പിക്കുമെന്നത് തീർച്ച. ജയിലിൽ നിന്നും വിട്ടയച്ചതിനു ശേഷമുള്ള തന്റെ പ്രസ്താവനകളിലെല്ലാം മുൻകാല നിലപാടുകളെ അദ്ദേഹം മയപ്പെടുത്തുന്നതാണ് കാണാനുണ്ടായിരുന്നത്. സ്വാത്തിലെ ആശുപത്രികളിൽ പ്രതിരോധകുത്തിവെപ്പ് നിരോധിച്ച താലിബാൻ നടപടി പുനഃപരിശോധിക്കണമെന്ന പ്രസ്താവനയായിരുന്നു ഇക്കൂട്ടത്തിൽ പ്രധാനം. ജൂതൻമാരും അമേരിക്കൻ ഏജന്റുമാരും ചേർന്ന് മുസ്‌ലിംകളെ വന്ധ്യംകരിക്കാൻ നടത്തുന്ന അന്താരാഷ്ട്ര ഗൂഢാലോചനയുടെ ഭാഗമാണ് പ്രതിരോധ കുത്തിവെപ്പുകൾ എന്ന മുൻ നിലപാടിൽ നിന്നും അദ്ദേഹം പിൻവാങ്ങുകയാണ് ചെയ്തത്. മേഖലയിലെ ശരീഅത്ത്‌വൽക്കരണം എത്രത്തോളമെന്നതിന്റെ വിശദാംശങ്ങൾ ഇപ്പോഴും സർക്കാർ പുറത്തുവിട്ടിട്ടില്ല. പക്ഷേ സ്വാത്തിലെ 70 ശതമാനം പ്രദേശങ്ങളും നിലവിൽ ഫസ്‌ലുല്ലയുടെ നിയന്ത്രണത്തിലാണ്. ഇസ്‌ലാമാബാദിന് സമ്മതമില്ലെങ്കിൽ പോലും രണ്ട് ലക്ഷത്തോളം ജനങ്ങൾ പലായനം ചെയ്ത ഈ മേഖലയിൽ ഫസ്‌ലുല്ലയുടെ 'ഇസ്‌ലാം' വന്നു കഴിഞ്ഞിരുന്നു. ചാട്ടവാറടിയും അങ്ങാടിയിലിട്ട് തലകൊയ്യലും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് ബോംബുവെക്കലും ബാർബർ ഷോപ്പുകൾക്ക് തീയിടലുമൊക്കെയായിരുന്നു ഇയാളുടെ ശരീഅത്ത്. ഇവർക്ക് രഹസ്യമായി ആയുധവും മൊബൈൽ ടവറുകളും റേഡിയോ നിലയങ്ങളും നൽകി 'വികട ഇസ്‌ലാമിനെ' ഉയർത്തിക്കൊണ്ടുവരാനും മേഖലയെ സംഘർഷഭരിതമാക്കാനും അമേരിക്ക മുതൽക്കുള്ള നിരവധി രാജ്യങ്ങൾ അണിയറയിൽ ചരടുവലിക്കുന്നുമുണ്ടായിരുന്നു. ഇതിനിടയിലാണ് പാകിസ്താൻ താലിബാനുമായി കരാറിൽ ഒപ്പുവെക്കുന്നത്.

സ്വാത്തിലെ ശരീഅത്ത്‌വൽക്കരണം താലിബാനുമായുള്ള പാകിസ്താൻ സർക്കാറിന്റെ വെടിനിർത്തലാണെന്നത് ഒറ്റനോട്ടത്തിൽ തന്നെ വ്യക്തം. ഈ പശ്ചാത്തലത്തിൽവേണം കരാറിൻെറ അന്താരാഷ്ട്ര പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യേണ്ടതും. മാറ്റത്തെ കുറിച്ച ഗിരിപ്രസംഗങ്ങൾക്കിടയിലും അഫ്ഗാനിസ്ഥാനിലേക്ക് ഒന്നരലക്ഷം പുതിയ സൈനികരെ അയക്കാനാണ് ഒബാമയുടെ സർക്കാർ തീരുമാനിച്ചത്. അഫ്ഗാനിസ്താനിൽ നിന്ന് സൈന്യത്തെ പിൻവലിക്കാൻ അടുത്തൊന്നും തന്റെ സർക്കാർ ആലോചിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഒരു കാലിൽ നിന്ന് മന്ത് മറ്റേക്കാലിലേക്കു മാറ്റുക മാത്രമാണ് ബറാക് ഒബാമ ചെയ്യുന്നത്. ഒസാമാ ബിൻ ലാദിൻ എന്ന 'ഹേതു' ജലാലാബാദിൽ നിന്നും അപ്രത്യക്ഷനാവുകയും പാക് അതിർത്തിയിൽ 'പ്രത്യക്ഷപ്പെടുകയും' ചെയ്തതായി അമേരിക്കയിലെ ചില പ്രതിരോധ ഗവേഷണ സ്ഥാപനങ്ങൾ സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. അമേരിക്ക അവരുടെ യുദ്ധം കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കാനാണ് തയാറെടുക്കുന്നത്. ഇറാഖിൽ യുദ്ധം അവസാനിപ്പിക്കുന്നത് ഇനിയും അവിടെ നിന്നാൽ തോറ്റ് തൊപ്പിയിടുമെന്ന ഭയം കൊണ്ടാവാനേ തരമുള്ളൂ.

പാകിസ്താൻ അമേരിക്കയുടെ അടുത്ത ലക്ഷ്യമായി മാറിക്കഴിഞ്ഞു എന്നു തന്നെയാണ് തെളിയുന്നത്. പാകിസ്താനെ നാം ആക്രമിക്കില്ലെങ്കിലും അമേരിക്ക ആക്രമിക്കട്ടെയെന്നാണ് കേന്ദ്ര സർക്കാറിന്റെ മനസ്സിലിരുപ്പ്. കുങ്കുമപക്ഷവും കോൺഗ്രസ് പക്ഷവും തമ്മിൽ നിലപാടുകളിൽ വ്യത്യാസമില്ലാതായ കാലത്ത് അമേരിക്ക നടത്തുന്ന ഏത് ആക്രമണവും ഇന്ത്യയെ സഹായിക്കുന്നതായി വിലയിരുത്തപ്പെടുന്നതിൽ അത്ഭുതമില്ല. പക്ഷെ അതുകൊണ്ട് രാജ്യമാണോ രാഷ്ട്രീയ പാർട്ടികളാണോ രക്ഷപ്പെടുകയെന്നത് വേറെ തന്നെ ചോദിക്കണം. അമേരിക്കൻ യുദ്ധയന്ത്രത്തിന്റെ റഡാറിലേക്ക് പാകിസ്താനും കൂടി വീണുകഴിഞ്ഞാൽ നമ്മുടെ ഞരമ്പുരോഗത്തിന് ശമനമുണ്ടാകുമെങ്കിലും മേഖലയിലെ ദുരന്തം പ്രവചനാതീതമായിരിക്കുമെന്ന് തീർച്ച. ■